# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **981**

25.01.2018-ലെ മറുപടി

## പട്ടുവം ജപ്പാൻ കടിവെള്ളപദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.റ്റി.വി.രാജേഷ് | | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കല്ല്യാശ്ശേരി മണ്ഡലത്തിലെ പട്ടുവം ജപ്പാൻ കടിവെള്ളപദ്ധതിയിൽ നബാർഡിന്റെ ആർ.ഐ.ഡി.എഫ്- 22 ൽ ഉൾപ്പെടുത്തി എത്ര കോടി രൂപയുടെ പ്രവൃത്തിയാണ് നടത്തുന്നതെന്നും രണ്ടാം ഘട്ടത്തിൽ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി എത്ര കോടി രൂപയുടെ ഭരണാനുമതി യാണ് ലഭിച്ചിട്ടുള്ളതെന്നും ഇവയുടെ പ്രവൃത്തിയുടെ പുരോഗതിയും വിശദമാക്കാമോ; എത്ര രൂപ വീതമാണ് ഓരോ പഞ്ചായത്തിനും ലഭിക്കുന്നതെന്നും എത്ര കി.മീറ്റർ പൈപ്പ് ലൈൻ ഇടുന്നതിന് സാധിക്കുമെന്നും വ്യക്തമാക്കാമോ; | (എ) | നബാർഡിന്റെ ആർ.ഐ.ഡി.എഫ്- 22 ൽ ഉൾപ്പെടുത്തി 1495 ലക്ഷം രൂപയുടെ പദ്ധതിക്ക് അനുമതി നൽകിയതിൽ കല്ല്യാശ്ശേരി മണ്ഡലത്തിൽ 610 ലക്ഷം രൂപയുടെ പ്രവൃത്തിയാണുള്ളത്. ഇതിൽ ചെറുകുന്ന്-മാട്ടൂൽ, ഏഴോം, കടന്നപ്പള്ളി പാണപ്പുഴ, പട്ടുവം, കണ്ണപുരം പദ്ധതികളുടെ ഏകദേശം 80% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 5250 ലക്ഷം രൂപയുടെ പ്രവൃത്തിയിൽ കല്ല്യാശ്ശേരി മണ്ഡലത്തിന് 1386.15 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് അനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി 16 പാക്കേജുകളായി തിരിച്ച് 6 പാക്കേജുകളുടെ പ്രവൃത്തി തുടങ്ങിയിട്ടുണ്ട്. 10 പാക്കേജുകളുടെ ദർഘാസ് നടപടി പുരോഗമിച്ചുവരുന്നു.<br><br>ഓരോ പഞ്ചായത്തിനും നബാർഡ് പ്രവൃത്തിയിലും സ്റ്റേറ്റ് പ്ലാൻ പ്രവൃത്തിയിലും അനുവദിച്ച തുകയും സ്ഥാപിക്കുന്ന പൈപ്പ് ലൈനിന്റെ നീളവും അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഒന്നാം ഘട്ടത്തിലെ, നബാർഡ് ഫണ്ടും രണ്ടാം ഘട്ടത്തിലെ സ്റ്റേറ്റ് പ്ലാനും ഉൾപ്പെടെ എത്ര കി.മീറ്റർ പൈപ്പ് ലൈൻ ഓരോ പഞ്ചായത്തിലും സ്ഥാപിക്കാൻ കഴിയും; വിശദാംശം ലഭ്യമാക്കുമോ; | (ബി) | (1) ചെറുകുന്ന് – 23.55 കി.മീ.<br>(2) മാട്ടൂൽ - 9.03 കി.മീ.<br>(3) കല്ല്യാശ്ശേരി – 48.14 കി.മീ.<br>(4) കടന്നപ്പള്ളി-പാണപ്പുഴ – 85.03 കി.മീ.<br>(5) പട്ടുവം – 19.72 കി.മീ.<br>(6) കണ്ണപുരം – 38.22 കി.മീ.<br>(7) ഏഴോം – 39.92 കി. മീ. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പ്രവൃത്തികൾ എപ്പോഴത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കമോ? | (സി) | നബാർഡ് പ്രവൃത്തി 31.03.2018-ലും സ്റ്റേറ്റ് പ്ലാൻ പ്രവൃത്തി ഈ വർഷാവസാനത്തോടെയും പൂർത്തീകരിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

അനുബന്ധം

| ക്രമ നം. | പദ്ധതിയുടെ പേര് | നബാർഡ് RIDF പട്ടുവം കുടിവെള്ള പദ്ധതി | | സ്റ്റേറ്റ് പ്ലാൻ (രണ്ടാം ഘട്ടം) | |
|---|---|---|---|---|---|
| | | തുക | ദൂരം | തുക | ദൂരം |
| 1 | ചെറുകുന്ന് | 87.50 ലക്ഷം | 9.85 കി.മീ. | 83 ലക്ഷം | 13.7 കി.മീ. |
| 2 | മാട്ടൂൽ | | 2.03 കി.മീ. | 44 ലക്ഷം | 7 കി.മീ. |
| 3 | കല്ല്യാശ്ശേരി | 136.50 ലക്ഷം | 22.14 കി.മീ. | 129 ലക്ഷം | 26 കി.മീ. |
| 4 | കടന്നപ്പള്ളി-പാണപ്പുഴ | 75.50 ലക്ഷം | 8.9 കി.മീ. | 786 ലക്ഷം | 76.13 കി.മീ. |
| 5 | പട്ടുവം | 72 ലക്ഷം | 9.72 കിമീ. | 57.2 ലക്ഷം | 10 കി.മീ. |
| 6 | കണ്ണപുരം | 143 ലക്ഷം | 20.37 കിമീ. | 106 ലക്ഷം | 17.85 കി.മീ. |
| 7 | ഏഴോം | 95.50 ലക്ഷം | 14.62 കിമീ. | 180.60 ലക്ഷം | 25.3 കി.മീ. |

സെക്ഷൻ ഓഫീസർ